**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 594** **05-10-2021 - ൽ മറുപടിയ്ക്ക്**

**നെയ്ത്ത് മേഖലയുടെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ നെയ്ത്ത് മേഖലയെ ആധുനികവത്കരിക്കുന്നതിന് പദ്ധതികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിലെ നെയ്ത്ത് മേഖലയെ ആധുനികവത്കരിക്കുന്നതിനായി കൈത്തറി സംഘങ്ങൾക്ക് "ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി" നടപ്പിലാക്കി വരുന്നു. ആകെ പ്രോജക്ട് കോസ്റ്റിന്റെ 75% സർക്കാർ ഗ്രാന്റായും 25% ഗുണഭോക്തൃ വിഹിതവുമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | അഴിക്കോട് മണ്ഡലത്തിലെ പരമ്പരാഗത നെയ്ത്ത് തൊഴിലാളികളെ പരിപോഷിപ്പിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | അഴീക്കോട് മണ്ഡലത്തിലെ പരമ്പരാഗത നെയ്ത്തുതൊഴിലാളികളുടെ ഉന്നമനത്തിനായി കൈത്തറി നെയ്ത്തു സംഘങ്ങളിൽ "സ്കൂൾ യൂണിഫോം പദ്ധതി"യുടെ ഭാഗമായുള്ള നെയ്ത്തു ജോലികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി കൊണ്ട് പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും നൽകുവാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ